# "പ്ളാച്ചിമടയുടെ രാഷ്ട്രീയം മനുഷ്യാന്തസ്സ് പുനഃസ്ഥാപിക്കപ്പെടുന്നതിന്റെ രാഷ്ട്രീയമാണ്" : ആഷാ മേനോൻ

## 2006 ഡിസംബർ 10 മനുഷ്യാവകാശ ദിനത്തിൽ പ്ലാച്ചിമട സമരപന്തലിൽവെച്ച് ആഷാമേനോൻ നടത്തിയ പ്രഭാഷണത്തിൽ നിന്നുള്ള ഭാഗങ്ങൾ

**പ്രകൃതിയുടെ നഷ്ടപ്പെട്ട നൈർമല്യത്തെ വീണ്ടെടുക്കാനുള്ള അർച്ചനയാണ് പ്ളാച്ചിമട സമരം പ്രകൃതിയെ കളങ്കപ്പെടുത്തി കൂടുതൽ ധനമുണ്ടാക്കുന്ന ആസുരശക്തികളോടുള്ള പോരാട്ടമാണ് പ്ളാച്ചിമട സമരം അവനവന്റെ മനസ്സും ശരീരവും മാത്രം ആയുധമാക്കിയാണ് പ്ളാച്ചിമട സമരം മുന്നോട്ടുപോകുന്നത്. മനുഷ്യാന്തസ്സിനായുള്ള ആത്മീയ ജാഗ്രത പുനഃസ്ഥാപിക്കപ്പെടുകയാണ് പ്ളാച്ചിമട സമരത്തിലൂടെ...**



വര : ജോർജ്ജ്.ആർ

പ്രിയ സുഹൃത്തുക്കളെ,

വളരെ അപൂർവ്വമായ സദസ്സിന് മുൻപിലാണ് ഞാനിപ്പോൾ സംസാരിക്കുന്നത്. സാധാരണ സദസ്സുകളിൽ കവിത പറയാം, ശാസ്ത്രം പറയാം. അതുകഴിഞ്ഞ് നല്ല പ്രഭാഷണം നടത്തി എന്ന സംതൃപ്തിയോടെ തിരിച്ചുപോരാം. ഇവിടെ ഈ സമരപ്പന്തലിൽ ജീവിതവുമായി ബാധിക്കാത്ത തരത്തിൽ ഒരു സാഹിത്യസല്ലാപം നടന്നുകൂടാ. ഇവിടെ കർമ്മത്തിന്റെ വേദിയാണ്. നിങ്ങളുടെ എല്ലാ പോരാട്ടങ്ങൾക്കും പിൻതുണ നല്കുന്നു എന്ന് മാത്രം പറയുന്നു.

ജീവന്റെ ഏറ്റവും അടിസ്ഥാനമായ ഒന്നാണ് ജലം. ഭക്ഷണവും പാർപ്പിടവും പിന്നീടേ വരുന്നുള്ളൂ. അതിനു വേണ്ടിയുള്ള സമരമാണിവിടെ നടക്കുന്നത്.


ഇതുവരെ ഇവിടെ വരാൻ കഴിയാത്തതിൽ ലജ്ജയുണ്ട്. എങ്കിലും കഴിയാവുന്നത് – പ്രാർത്ഥന മാത്രമേ കഴിയൂ – ഞാൻ ചെയ്തിരുന്നു. അതിലൊന്നും കാര്യമില്ല എന്ന് അറിഞ്ഞുകൊണ്ട് തന്നെ.

പ്ലാച്ചിമട എന്നത് ഇന്ന് ഒരു സ്ഥലം മാത്രമല്ല. അത് ഒരു വികാരമാണ്. വികാരമല്ല നീതിവ്യവസ്ഥയാണ്. ഒരു തരത്തിലും ദോഷികളല്ലാതെ നിർദ്ദോഷമായി ജീവിച്ചുവന്നവരായിരുന്നു ഇവിടെയുള്ളവർ. നിങ്ങളുടെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്താം എന്ന മട്ടിലാണ് കോക്കകോളയുടെ വരവ്. ചതിയുടെ വരവ് അങ്ങിനെയാണ്. ചാലിയാറിലൊക്കെ നടന്നത് അങ്ങിനെയാണ്. ചോറിൽ ചതി കലർത്തി കൊടുക്കുക എന്നതാണത്. ആർക്കും സ്വപ്നം കാണാൻ കഴിയാത്ത ഉയർന്ന വേതനമാണിവിടെയൊക്കെ നല്കുന്നത്. ചാലിയാറിലെ കമ്പനിയിൽ നിന്നുള്ള മാലിന്യം പുഴയിലേക്ക് തള്ളിവിടുന്നു. ഇത് പിന്നെ 10–15 വർഷം കഴിഞ്ഞ് കാൻസർ പോലുള്ള രോഗങ്ങൾ ഉണ്ടാക്കുമെന്ന് നമ്മിൽ പലർക്കും അറിയില്ലായിരുന്നു. പ്ലാച്ചിമടയിലും അത്തരമൊരു ചതിയാണ് നടക്കുന്നത്. പ്ലാച്ചിമടയിലെ കാഡ്മിയം നമ്മുടെ കുഞ്ഞുങ്ങളെ എങ്ങിനെയാണ് ബാധിക്കുക എന്നറിയില്ല. ഇത് നടത്തുന്നവർക്കറിയാം ഇവിടെ എന്താണ് നടക്കാൻ പോകുന്നതെന്ന്. ഒരു കൊലപാതകത്തിന്റെ രക്തം പുരളാതെ തന്നെ അവർ രക്ഷപ്പെടുകയും ചെയ്യും. നമ്മളെ പ്രേരിപ്പിക്കുന്നവിധത്തിൽ ഒരു ഉപദേശത്തിന്റെ സ്വരത്തിലാണ് നാമിഷ്ടപ്പെടുന്ന താരങ്ങളെകൊണ്ട് പറയിപ്പിക്കുന്നത്, ഇവിടെ ഒരു കുഴപ്പവുമില്ലായെന്ന്.

**നീതി വ്യവസ്ഥയ്ക്കായുള്ള പോരാട്ടമാണ് പ്ലാച്ചിമടയിൽ നടക്കുന്നത്.** നാം പൊരുതുന്നത് വലിയ ആസുര ശക്തികളോടാണ്. ഇവിടെ നാം വിജയിക്കും എന്ന ഉറപ്പോടെയല്ല പോരാടുന്നത്. അമേരിക്കൻ പ്രസിഡണ്ടിനോട് സിയാറ്റിൽ മൂപ്പൻ 'ഞങ്ങളുടെ കാടു വിട്ടുതരൂ' എന്നു പറഞ്ഞതുപോലെ 'ഞങ്ങളുടെ

വെള്ളം വിട്ടുതരൂ' എന്ന എത്രയും നിഷ്കളങ്കമായ പ്രാർത്ഥനയാണ് പ്ലാച്ചിമടയിൽ നടക്കുന്നത്. ജലത്തിനെ മുറിവേൽപ്പിക്കുന്ന അവസ്ഥ വരുകയാണ്. ജലം മുറിഞ്ഞാൽ മനുഷ്യനും മുറിയുന്നു. ഇവിടെ നാം പരാജയപ്പെടരുത്. ഇനി വരാൻ പോകുന്ന പോരാട്ടങ്ങൾക്ക് നാന്ദിയാണിത്. ഈ പോരാട്ടങ്ങളിൽ പങ്കെടുക്കുക എന്നത് ജീവന്റെ നിലനില്പിന് ആവശ്യമാണ്.

സൈലന്റ് വാലിയിൽ ഇത്തരമൊരു പ്രശ്നം ഉണ്ടാകുന്നതിന് മുൻപ് തന്നെ അത് തടയപ്പെട്ടു. പ്ലാച്ചിമടയിൽ ഇതിലും അടിയന്തിരമായ പ്രശ്നമാണ്. ജീവിക്കാൻ കുറച്ച് ധനമേ വേണ്ടൂ. ഇത് തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടാണ് പ്രകൃതിയെ കളങ്കപ്പെടുത്തി കൂടുതൽ ധനമുണ്ടാക്കുക എന്നതിൽ നാം എത്തിച്ചേരുന്നത്. പാശ്ചാത്യനാടുകളിൽ ഒരു കമ്പനി തുടങ്ങുമ്പോൾ മാലിന്യങ്ങൾ എങ്ങിനെ സംസ്കരിക്കും എന്നതിന് കൃത്യമായ സാക്ഷ്യപത്രം കൊടുക്കേണ്ടതുണ്ട്. ഒരു എയർപോർട്ട് ഉണ്ടാക്കുമ്പോൾ ഇത്രയും ചുറ്റുപാടിൽ ആളുകൾ ഉണ്ടാകരുത് എന്ന് പറയുന്നതുപോലെ അടിസ്ഥാനപരമായ കാര്യങ്ങളാണ് ഒരു ഫാക്ടറി തുടങ്ങുമ്പോൾ പാലിക്കേണ്ടത്. 2000 ൽ പ്ലാച്ചിമടയിൽ കോക്കകോള വരുന്നതിന് മുൻപ് പ്ലാച്ചിമടയിൽ ആളുകളില്ലായിരുന്നുവെന്ന മട്ടിലാണ് ഇവിടെ കമ്പനി ആരംഭിച്ചത്. ഇവിടെ അതൊക്കെ സാധിക്കും



പറയുമ്പോൾ അത് വളരെ ഗൗരവമായ സൂചനയാണ്. അതുകൊണ്ട് തന്നെ അതിനെതിരായി പോരാട്ടം എന്നത് മാത്രമേയുള്ളൂ.

**പ്ലാച്ചിമട എന്നത് പുലച്ചിമട ആണ്. പുലം എന്നാൽ നിലം. നിലം ഉഴുതുമറിക്കുന്ന ഗോത്രത്തിൽ പെടുന്നവരെയാണ് അത് ഓർമ്മപ്പെടുത്തുന്നത്. നിലം എന്ന് പറഞ്ഞാൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ തന്നെയാണ്. അതിന് ഊനം തട്ടുമ്പോൾ നാമത് അറിയുന്നു.** ഗാന്ധി ഇത് സൂചിപ്പിച്ചിരുന്നു. ഇപ്പോൾ മേധാ പട്കർ ചെയ്യുന്നത് ഇതാണ്. ഇതുപോലെ ഒരു പ്രദേശത്തെ പ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴാണ് മേധാ പാനം വലിച്ചെറിയുന്നത്. അവർ അന്ന് അത് ചെയ്തില്ലായിരുന്നുവെങ്കിൽ നാം ഇന്ന് നർമ്മദാപ്രശ്നം അറിയുമായിരുന്നില്ല. മേധായുടെ സ്വന്തം ജീവിതം കൊണ്ടാണ് നർമ്മദയുടെ പ്രശ്നം അറിഞ്ഞ് ലോകം നടുങ്ങിപ്പോയത്. ഇരച്ചുവരുന്ന നർമ്മദാനദിയുടെ മുൻപിൽ ജലസമാധി പോലും അവിടെയുള്ളവർ ആസൂത്രണം ചെയ്തു. മേധാ ഒരു സ്ത്രീ മാത്രമല്ല. ശക്തിയാണ്. ഏറ്റവും വലിയ ദുരിതമാണ് അവരെ ശക്തിയാക്കി മാറ്റിയത്.

ജനകീയമായ ഒരവസ്ഥ എന്നത് നമുക്ക് നമ്മൾ മാത്രമേയുള്ളൂ എന്ന തിരിച്ചറിവാണ്. ഇപ്പോഴത്തെ നമ്മുടെ പോരാട്ടം കൊണ്ട് നാം എന്ത് നേടുന്നു എന്ന് പറയാനാവില്ല. ഞാൻ നിങ്ങളോടൊപ്പം ഉണ്ടാകുന്നുവെന്ന് മാത്രം പറയുന്നു.

കാസർഗോട്ടെ എൻഡോസൾഫാൻ പ്രശ്നം ഇതുപോലെയാണ്. ഒരു സുഹൃത്ത് ഈയിടെ പറഞ്ഞു. ഇവിടെ പ്ലാച്ചിമടയിൽ പോരാടുന്നവരുടെ മുഖത്ത് ഒരു ഇച്ഛാദാർഢ്യം കാണുന്നുണ്ട്. എൻഡോസൾഫാൻ ബാധിച്ച സ്ഥലത്ത് അത് പോലുമില്ല. എന്തൊരു ചതിയാണിത്. ഒരു പ്രകൃതി വ്യവസ്ഥയെ മുഴുവൻ ചവുട്ടിമെതിക്കുകയാണ്. എങ്ങിനെയാണിത് സംഭവിക്കുന്നത്? പ്രകൃതി സമ്പത്ത് നിറഞ്ഞ കേരളം തന്നെ ഈ ക്രൂരമായ പരീക്ഷണങ്ങൾക്ക് ഇരയാവുന്നതിന് പിറകിൽ എന്തെങ്കിലും ദുഷ്ടലാക്കുണ്ടോ? ഈ ദുരന്തങ്ങൾ ഉണ്ടാകുന്നത് മനുഷ്യന്റെ ദുരകൊണ്ട് മാത്രമാണ്. പാശ്ചാത്യ രാജ്യങ്ങളിലെ കോള കുടിച്ചു നോക്കൂ അത് രുചിയുള്ളതാണ് എന്ന് പറയുന്നതു പോലും വേറൊരു ചതിയാണ്. നാല് കൊല്ലങ്ങൾക്ക് മുൻപ് ഇവിടുത്തെ കോള മാനേജ്മെന്റ് ബാങ്ക് മാനേജറെ കൊണ്ടുപോയി സത്കരിച്ചു. ഇതൊന്നു കുടിച്ചു നോക്കൂ എന്ന് പറഞ്ഞ് വിദേശ കോള കൊടുത്തു. അതിന് തീരെ കുത്തില്ലായിരുന്നു. എന്തുകൊണ്ടാണ് ഈ രണ്ട് തരം കോള? മൂന്നാം ലോകത്തിൽ മൂന്നാംതരം കോള മതിയെന്നാണോ? എന്ന് വെച്ചാൽ ടേസ്റ്റിന് പുറകിലും ഓരോ ചതിയുണ്ടെന്ന് പറയേണ്ടിവരും.

1960 കളിൽ റെയ്ച്ചൽ കാസൻ പോരാടേണ്ടിവന്നത് വൻകിട സ്ഥാപനങ്ങളുടെ തലപ്പത്തുള്ളവരോടായിരുന്നു. ഒരിക്കലും കിളികൾ ശബ്ദിക്കാത്ത ഒരു വസന്തം അമേരിക്കയിൽ വരാൻ പോകുന്നു എന്ന് തിരിച്ചറിഞ്ഞതാണ് അവർ ഒറ്റയ്ക്ക് പോരാട്ടം ഏറ്റെടുക്കാനിടയാക്കിയത്. പ്ലാച്ചിമടയിലേതുപോലെ സംഭവിച്ച ദുരന്തമല്ല സംഭവിക്കാൻ പോകുന്ന ദുരന്തത്തിനെതിരായാണ് റെയ്ച്ചൽ കാസൻ പോരാടിച്ചത്. പ്രകൃതിയിലെ ഓരോ പ്രതിഭാസങ്ങളും പരസ്പരബന്ധിതമാണ്. സ്ത്രീകൾ വന്ധ്യരാകുന്നത്, മണ്ണ് വന്ധ്യമാകുന്നത് ഒക്കെ അപകടസൂചനകളാണ്.

കോക്കകോളയുടെ ഇരകളാകുന്നത് നമ്മളാണെങ്കിൽ നാം പോരാടുകതന്നെ ചെയ്യണം.

പല ഭരണാധികാരികൾക്കും ഭൂഗർഭ ജലത്തെക്കുറിച്ച് ഒരു ധാരണ ഇല്ല. ജലനിരപ്പ് (വാട്ടർ ടേബിൾ) എന്നത് ഇത്ര പ്രശ്നമാണോ എന്നതാണ് അവർ ചോദിക്കുന്നത്. മഴയുടെ താളം തെറ്റുന്നതുകൊണ്ട് എന്താണ് പ്രശ്നം എന്ന് അവർ ചോദിക്കുന്നു. അട്ടപ്പാടിയിലെ മരുവത്കരണം അവർക്കു പ്രശ്നമല്ല. ഭൂമിയുടെ പുറത്ത് കാണുന്ന ജലം മാത്രമേ അവർക്ക് ജലമായുള്ളൂ. ഭൂമി

യിലെ ജലം എന്നത് ഈശ്വരനെ പോലെ സത്യമാണ്.

**പ്ലാച്ചിമടയിലേതുപോലുള്ള ജലമലിനീകരണം ഒരു വ്യവസ്ഥയെ അസ്ഥിരപ്പെടുത്തലാണ്. ഒരിക്കലും നിലയ്ക്കാത്ത അസന്തുലിതത്വമാണ് ഉണ്ടാകുന്നത്. വരുംതലമുറകൾക്ക് കൂടിയാണ് ഈ അസന്തുലിതത്വം നല്കുന്നത്. ഇത് ഒരിക്കലും അനുവദിക്കാൻ പറ്റില്ല.**

ഇവിടെ നടക്കുന്നത് നിഷ്കളങ്കവും നിർദ്ദോഷവുമായി പോരാട്ടമാണ്. ഇത് ലോകത്ത് പല ഭാഗത്തും അറിയുന്നുണ്ട്. പ്ലാച്ചിമടയിൽ അരങ്ങേറുന്ന ദുരന്തം അധികാരത്തിന്റെ അധാർമ്മികത കൊണ്ടാണ്. ഗവൺമെന്റ് വളരെ ബോധപൂർവ്വം കൈകാര്യം ചെയ്യേണ്ട ഒന്നായിരുന്നു പ്ലാച്ചിമടയിലേത്. വികസനത്തിന്റെ പേരിൽ ക്രിമിനൽ മനസ്സുള്ള എല്ലാവരും കൂട്ടുചേരുകയാണ്. അധികാരികളുടെ ബോധപൂർവ്വമായ അനാസ്ഥമൂലം മറ്റുള്ളവരെയൊക്കെ ഇരകളാക്കിക്കൊണ്ട് ഊറ്റിയെടുത്ത് വളരുകയാണ് വ്യവസായികൾ.

അക്കാഡമിക്കുകൾ പോലും അധികാരികളുടെ ഏറാൻമൂളികളായി കഴിയുകയാണ്. അവർ ജനങ്ങളെ കാണുന്നില്ല. സതീഷ് ചന്ദ്രനെ പോലെ ഏകാംഗശബ്ദങ്ങൾ ആയി ആരും മുന്നോട്ട് വരുന്നില്ല. മേധ പട്ക്കർ കരുതിയതുപോലെ തങ്ങളുടെ ജീവിതം ദരിദ്രമായാലും വേണ്ടില്ല ജനങ്ങൾക്ക് എന്ത് കൊടുക്കാനാകും എന്ന് അക്കാഡമിക്കുകൾ ആലോചിക്കുന്നേയില്ല.

ആദ്ധ്യാത്മികത എന്നാൽ പ്രവർത്തനത്തിൽ നിന്ന് മാറി നില്ക്കലല്ല. പ്രവർത്തനനിരതമാവുകയെന്നത് കൂടിയാണത്. ഒരാൾക്ക് ഒരു വെളിച്ചം കിട്ടിയാൽ അത് മറ്റൊരാളുടെ കണ്ണീരൊപ്പാൻ കഴിയണം. എന്ന് കരുതുന്നവരാണ് ഭാരതത്തിലെ ആചാര്യന്മാർ. തികച്ചും നിസ്വാർത്ഥമായ ഒരവസ്ഥയാണത്.

പ്രകൃതിയുടെ നഷ്ടപ്പെട്ട നൈർമല്യത്തെ വീണ്ടെടുക്കാനുള്ള അർച്ചനയാണ് പ്ലാച്ചിമട സമരം. അതുകൊണ്ട് തന്നെ അത് ആത്മീയമാണ്. ദരിദ്രരും ആത്മീയമായി സമ്പന്നരാകാം. ഗാന്ധിജി ഇത് തിരിച്ചറിഞ്ഞിരുന്നു. ലോകത്തിൽ തന്നെ ഒരു ആചാര്യനും കഴിയാത്ത കണ്ടെത്തലായിരുന്നു ചർക്ക. ഗാന്ധിജിയുടെ മാർഗ്ഗം നാം പിൻതുടരാതിരിക്കുന്നതുകൊണ്ടാണ് വ്യവസായവത്കരണത്തിലൂടേയേ നമുക്ക് പുരോഗതിയുണ്ടാകൂ എന്ന വാജ്യമായ ധാരണ നാം പുലർത്തുന്നത്.

ഇനി മേലിലെങ്കിലും ഒരു സ്ഥലത്ത് ഒരു കോക്കകോള കമ്പനി നടത്താൻ അനുവദിക്കുമ്പോൾ പ്ലാച്ചിമട അനുഭവങ്ങൾ ഓർമ്മിക്കപ്പെടണം.

പ്ലാച്ചിമടക്കാര്യത്തിൽ സക്കറിയായുടെ നിലപാടുകൾ ഒരിക്കലും സ്വീകരിക്കാനാവില്ല. സക്കറിയയെ പോലുള്ള പ്രബുദ്ധരായ ആളുകൾ പ്ലാച്ചിമടയിലെ ജലപ്രശ്നം മനസ്സിലാക്കുന്നില്ലെങ്കിൽ നിർലജ്ജമായ ഒത്താശ പോലെ തന്നെയാണ്. ഇവിടത്തെ വെള്ളം കുടിച്ചുനോക്കിയിട്ടായിരിക്കില്ല സക്കറിയ ഇത് പറയുന്നത്. പ്ലാച്ചിമട കാര്യം പറയുമ്പോൾ മണലെടുപ്പ് കാര്യം സൂചിപ്പിക്കുന്നത് തന്നെ ഒരു തന്ത്രമാണ്.

**വെള്ളം വിൽക്കാനുള്ളതല്ല. അത് സ്വന്തം അമ്മയെ വില്ക്കുന്നതുപോലെയാണ്. അമ്മയെ വില്ക്കുന്നത് ധാർമ്മികമാണെങ്കിൽ വെള്ളവും വില്ക്കാം.**

**പ്ലാച്ചിമട അടിയന്തിരമായ ശ്രദ്ധ ആവശ്യപ്പെടുന്ന ഒന്നാണ്. ഇവിടെയുള്ള ജലത്തിന്റെ അധികാരം ഇവിടെയുള്ള ജനങ്ങൾക്കല്ലാ എന്ന് വരുന്നത് തന്നെ എന്തൊരു പണയപ്പെടുത്തലാണ് ?**

നാം സമരം ചെയ്യുന്നതിന്റെ ഫലം വരുന്നത് മറ്റ് ചിലരിലൂടെയാണ്. സമരം എത്ര ഊർജ്ജവത്താണെങ്കിലും നമ്മൾ അധികാരികളാകുന്നില്ലെങ്കിൽ നമുക്ക് അധികാരികളെ അവഗണിക്കാനാകില്ല. അവർ വേണമല്ലോ ഈ കാര്യങ്ങൾ നടപ്പിൽ വരുത്താൻ.

പ്ലാച്ചിമടയിലെ വെള്ളം 95 ശതമാനവും കൃഷിക്ക് ഉപയോഗിച്ചാലും എന്താണ് പ്രശ്നം? കൃഷി ചെയ്യുന്നത് തന്നെ നെല്ലാണ്. പ്ലാച്ചിമട സമരം പരാജയപ്പെട്ടാലും മനുഷ്യന്റെ അന്തസ്സ് പുനഃസ്ഥാപിക്കപ്പെടുകയാണ് പ്ലാച്ചിമട സമരത്തിലൂടെ.

നാം ഹിംസാത്മകമായി, ഒരവസ്ഥയെ നേരിടുകയാണെങ്കിൽ ദീർഘകാലത്തിൽ അത് ഫലവത്താകണമെന്നില്ല. അഹിംസാത്മകമായ ഒരു രീതിയിലൂടേയേ അത് ഫലവത്താകൂ എന്ന് പ്രതീക്ഷിക്കുക, അവനവന്റെ മനസ്സും ശരീരവും മാത്രം ആയുധമാക്കിയാണ് പ്ലാച്ചിമട സമരം മുന്നോട്ട് പോകുന്നത് ആത്മീയമായ ജാഗ്രത പുനഃസ്ഥാപിക്കപ്പെടുകയാണിവിടെ. അതുകൊണ്ടു തന്നെയാണ് അത് വരാനിരിക്കുന്ന നാളുകളിലെ പ്രതിരോധമാതൃകയായിത്തീരുന്നതും. (പ്ലാച്ചി) പുലച്ചിമടയുടെ രാഷ്ട്രീയം ജലത്തിന്റെ രാഷ്ട്രീയമാകുന്നു, ജലാവകാശത്തിന്റെ രാഷ്ട്രീയമാവുന്നു.

കോവിലകാമുക്ക്, കൊല്ലങ്കോട്, പാലക്കാട്

